**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2738300**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

# KERALA WATER AUTHORITY

**Jalabhavan**
**Thiruvananthapuram – 695033**
**Kerala - India**

File No. **KWA-JB/221/2025-E11** Dated: 12-03-2025

## സർക്കുലർ

വിഷയം: കേരള വാട്ടർ അതോറിറ്റി - ഭരണ നിർവ്വഹണം- ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് സ്കീം - 2025-2026 - ഇൻഷുറൻസ് പുതുക്കുന്നത് സംബന്ധിച്ച് ജീവനക്കാരിൽ നിന്നും വിവരശേഖരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് .

സൂചന : 1) കേരള വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി എംപ്ലോയീസ് (റീ ഇമ്പേഴ്സ്മെന്റ് ഓഫ് മെഡിക്കൽ എക്സ്പെൻഡിച്ചർ ) റൂൾസ് ,1985

2) 21.02.2014-ന് നടന്ന 369-ാമത് മീറ്റിംഗിൻ്റെ 9783-മത് അതോറിറ്റി ബോർഡ് തീരുമാനം

3) 12.06.2014-ലെ ഈ ഓഫീസിലെ കെ.ഡബ്ളിയൂ .എ./ ച്ച്ഒ/ഇ11/677 /2012 നമ്പർ സർക്കുലർ

4) 25.05.2024-ൽ നടന്ന 436-ാമത് മീറ്റിംഗിൻ്റെ 11346-മത് അതോറിറ്റി ബോർഡ് തീരുമാനം

5) 30.07.2024-ൽ അംഗീകൃത സംഘടനകളുമായി നടന്ന യോഗം

6)12.08.2024 ന് നടന്ന 437-ാമത് മീറ്റിംഗിലെ അതോറിറ്റി ബോർഡ് തീരുമാനം

7) 21.01.2025 ൽ നടന്ന 438-ാമത് മീറ്റിംഗിൻ്റെ 11377 -മത് അതോറിറ്റി ബോർഡ് തീരുമാനം
8)21.02.2025-ൽ മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ അംഗീകൃത സംഘടനകളുമായും ഓഫീസേഴ്സ് സംഘടനകളുമായും നടന്ന യോഗ തീരുമാനം .

കേരള വാട്ടർ അതോറിറ്റിയിൽ, ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും സമഗ്രമായ ആരോഗ്യ പരിരക്ഷ നൽകുന്നതിനായുള്ള ഇൻഷുറൻസ് പദ്ധതി 2014 മുതൽ പ്രാബല്യത്തിലുണ്ട്. എല്ലാ വർഷവും ഏപ്രിൽ-16 ന് ആണ് ഈ പദ്ധതി പുതുക്കുന്നത് . സൂചന(2)-ലെ അതോറിറ്റി ബോർഡ് തീരുമാനം അനുസരിച്ച് അടിസ്ഥാന ശമ്പളത്തിന്റേയും ക്ഷാമബത്തയുടെയും ആകെത്തുകയുടെ 50% ആണ് ഇൻ-പേഷ്യന്റ് ചികിത്സയ്ക്ക് മെഡിക്കൽ ഇൻഷുറൻസിനായി വകയിരുത്തിയിരുന്നത്. എന്നാൽ 2024-25-ലെ ഇൻഷുറൻസിനായി അനുവദിച്ച തുക ബോർഡിന്റെ സാധൂകരണത്തിനായി സമർപ്പിച്ചപ്പോൾ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി മെഡിക്കൽ ഇൻഷുറസ് ചെലവുകൾ നിലിവിലെ 50%-ൽ ഉൾക്കൊള്ളാൻ സാധിക്കുന്നില്ല എന്ന വിഷയം ബോർഡ് നിരീക്ഷിച്ചു. കൂടാതെ ഈ പദ്ധതിയിൽ ജീവനക്കാരും അവരുടെ ജീവിത പങ്കാളിയും കുട്ടികളും ആശ്രിതരായ മാതാപിതാക്കളും, മാതാപിതാക്കളുടെ അഭാവത്തിൽ ഭാര്യ/ഭർതൃ മാതാവ്-പിതാവ് എന്നിവരും ആണ് ഉൾപ്പെട്ടിരിക്കുന്നത് എന്നും ആയതിൽ മാതാപിതാക്കളുടെ ചികിത്സയുമായി ബന്ധപ്പെട്ടാണ് അധിക ക്ലെയിമുകൾ വരുന്നത് എന്നതും സൂചന(4) പ്രകാരം കൂടിയിട്ടുള്ള ബോർഡ് നിരീക്ഷിച്ചു.

പ്രസ്തുത യോഗത്തിൽ, അടുത്ത വർഷം മുതൽ ഇൻഷുറൻസ് പ്രീമിയത്തിനുള്ള തുക കണ്ടെത്തുന്നതിന് ജീവനക്കാരുടെ വിഹിതം കൂടി ഈടാക്കുന്നതിന് അംഗീകൃത സംഘടനകളുടെ അഭിപ്രായം ആരായുന്നതിനു ബോർഡ് നിർദ്ദേശിച്ചിരുന്നു. സൂചന(5) പ്രകാരം കൂടിയ അംഗീകൃത സംഘടനകളുടെ യോഗത്തിൽ, പ്രസ്തുത നിർദ്ദേശം സംഘടനകൾ അംഗീകരിച്ചിരുന്നില്ല. എന്നാൽ സൂചന(7) പ്രകാരം നടന്ന വാട്ടർ അതോറിറ്റിയുടെ ബോർഡ് മീറ്റിംഗിൽ ആരോഗ്യ ചികിത്സയുടെ ചെലവും ഗുണഭോക്താക്കളുടെ എണ്ണവും വർദ്ധിക്കുന്നത് കണക്കിലെടുത്ത് ജീവനക്കാർക്കും ആശ്രിതർക്കുമുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നിലനിർത്തുന്നതിന് പദ്ധതി 2025-26 വർഷത്തേയ്ക്ക് പുതുക്കുമ്പോൾ ജീവനക്കാരിൽ നിന്നും സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിലേതിന് സമാനമായി പ്രതിമാസം 500/- രൂപ വീതം ഈടാക്കുന്നതിനും ജീവനക്കാരുടെ ആശ്രിതരുടെ പട്ടികയിൽ നിന്നും മാതാപിതാക്കളുടെ അഭാവത്തിൽ പകരമായി ഉൾപ്പെടുത്തിയിരുന്ന ഭാര്യ/ഭർതൃ മാതാവ്-പിതാവ് എന്നിവരെ ഒഴിവാക്കുന്നതിനും ജീവനക്കാരനെ പൂർണ്ണമായും ആശ്രയിക്കുന്ന മാതാ-പിതാക്കളെ മാത്രം ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു.

മേൽ ബോർഡ് തീരുമാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് സൂചന (8)പ്രകാരം മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ അംഗീകൃത ട്രേഡ് യുണികളുമായും ഓഫീസേഴ്സ് സംഘടനകളുമായും നടന്ന യോഗത്തിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ആശ്രിത പട്ടിക പ്രകാരമുള്ള ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് സർക്കുലർ നൽകുന്നതിന് തീരുമാനിച്ചു.

ആയതു പ്രകാരം, ജീവനക്കാരുടെ ആശ്രിതരുടെ പട്ടികയിൽ നിന്നും മാതാപിതാക്കളുടെ അഭാവത്തിൽ പകരമായി ഉൾപ്പെടുത്തിയിരുന്ന ഭാര്യ/ഭർതൃ മാതാവ്-പിതാവ് എന്നിവരെ ഒഴിവാക്കുന്നതിനും ജീവനക്കാരനെ പൂർണ്ണമായും ആശ്രയിക്കുന്ന മാതാ-പിതാക്കളെ മാത്രം ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനും ഉള്ള ബോർഡ് തീരുമാനമനുസരിച്ച്, കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ നിലവിലെ മെഡിക്കൽ ഇൻഷുറൻസ് പദ്ധതി അടുത്തവർഷത്തേയ്ക്ക് പുതുക്കുന്ന തിയതിയായ **16.04.2025** മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തുന്നു .

**1) ആശ്രിത വിഭാഗത്തിൽ ചുവടെപ്പറയുന്നവർ മാത്രം ഉൾപ്പെടുന്നതാണ്.**

i) ജീവനക്കാരൻ/ ജീവനക്കാരിയുടെ ജീവിത പങ്കാളി

ii)ജീവനക്കാരൻ/ ജീവനക്കാരിയുടെ കുട്ടികൾ

[Un-married/Un-employed/Children up to the age of 25 as on policy renewal date]

iii) ജീവനക്കാരൻ/ ജീവനക്കാരിയെ പൂർണ്ണമായും ആശ്രയിച്ചു കഴിയുന്ന മാതാപിതാക്കൾ.

**2)** ജീവനക്കാരുടെ ആശ്രിതരുടെ പട്ടികയിൽ നിന്നും മാതാപിതാക്കളുടെ അഭാവത്തിൽ പകരമായി ഉൾപ്പെടുത്തിയിരുന്ന ഭാര്യ/ഭർതൃ മാതാവ്-പിതാവ് എന്നിവരെ പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

**3)** എല്ലാ ജീവനക്കാരും പുതുക്കിയ ആശ്രിത പട്ടിക അനുസരിച്ച് അവരവരുടെ ആശ്രിതരുടെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ധിഷ്ട മാതൃകയിൽ കൺട്രോളിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതും കൺട്രോളിംഗ് ഓഫീസർ എല്ലാ ജീവനക്കാരുടെയും പെർഫോർമ സാക്ഷ്യപ്പെടുത്തി സ്കാൻ ചെയ്ത് ഒറ്റ **pdf** ഫയൽ ആയി **kwa.tvm.e11@gmail.com** എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്. പെർഫോർമയുടെ അസൽ (ഹാർഡ് കോപ്പികൾ) കേരള വാട്ടർ അതോറിറ്റി,ചീഫ് എഞ്ചിനീയർ(എച്ച്.ആർ.ഡി.&ജനറൽ)-നു അയച്ചു നൽകേണ്ടതാണ്.

[ഹെഡ് ഓഫീസിൽ ചീഫ് എഞ്ചിനീയർ(എച്ച് ആർ ഡി & ജനറൽ)ലും, സെക്ഷൻ ഓഫീസ്/ജില്ലാ ലാബുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരും, സബ് ഡിവിഷൻ തലത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, ഡിവിഷൻ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, എസ്ആർഐ/സർക്കിൾ തലത്തിൽ സൂപ്രണ്ടിങ് എൻജിനീയർമാരും വാസ്കോൺ/റീജിയൻ തലത്തിൽ ചീഫ് എൻജിനീയർമാരും ആയിരിയ്ക്കും പെർഫോമ യഥാസമയം അയയ്ക്കുന്നതിന് കൺട്രോളിങ് ഓഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ]

**4)** ജീവനക്കാരുടെയും പുതുക്കിയ ആശ്രിത പട്ടിക പ്രകാരമുള്ള ആശ്രിതരുടെയും എണ്ണം ഇൻഷുറൻസ് പുതുക്കുന്നതിനുള്ള ടെൻഡർ നടപടികൾക്ക് അത്യാവശ്യം ആയതിനാൽ എല്ലാ കൺട്രോളിംഗ് ഓഫീസർമാരും അവരവരുടെ നിയന്ത്രണത്തിലുള്ള എല്ലാ ജീവനക്കാരും സ്കീമിൽ എൻറോൾ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ജീവനക്കാരുടേയും അവരുടെ ആശ്രിതരുടെയും വിവരങ്ങൾ ഇതിനായി തയ്യാർ ചെയ്ത് നൽകുന്ന ഗൂഗിൾ ഷീറ്റിൽ **മാർച്ച്-20** നു മുൻപായി അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

**5)** പോളിസി പിരീഡിന് ഇടയിൽ ചുവടെപ്പറയുന്ന സാഹചര്യങ്ങളിൽ ഒഴികെ ആശ്രിതരെ ഉൾപ്പെടുത്തുന്നതിന് സാധിക്കുകയില്ല.

**എ)** ജീവനക്കാരന് പുതുതായി കുട്ടി ജനിച്ചാൽ ഇൻഷുറൻസിൽ ചേർക്കുന്നതിന് നിർദ്ദിഷ്ട പെർഫോമയിൽ ജനന സർട്ടിഫിക്കറ്റ് സഹിതം **90** ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ബി)** ജീവനക്കാരൻ വിവാഹിതനായാൽ ജീവിത പങ്കാളിയെ ഇൻഷുറൻസിൽ ചേർക്കുന്നതിന് നിർദ്ദിഷ്ട പെർഫോമയിൽ വിവാഹ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സഹിതം **60** ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**6)** മെഡിക്കൽ ഇൻഷുറൻസിൽ ഉൾപ്പെടുന്ന ജീവനക്കാരുടെയും ആശ്രിതരുടെയും പുതുക്കിയ വിവരങ്ങൾ ഉൾപ്പെടുന്ന ലിസ്റ്റ് കേരള വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ **https://kwa.kerala.gov.in/en/admin-insurance/** എന്ന ലിങ്കിൽ ലഭ്യമാക്കുന്നതാണ്.

**7)** കൺട്രോളിംഗ് ഓഫീസർ ജീവനക്കാരുടെ പൂരിപ്പിച്ച പെർഫോർമയും ഗൂഗിൾ ഷീറ്റും യഥാസമയം നൽകിയിട്ടില്ല എന്ന കാരണത്താൽ ഈ സ്കീമിന്റെ പ്രയോജനം ആർക്കെങ്കിലും ലഭിക്കാതെ വന്നാൽ ആയത് മൂലമുള്ള കഷ്ട നഷ്ടങ്ങൾക്ക് ബന്ധപ്പെട്ട കൺട്രോളിങ് ഓഫീസർ മാത്രമായിരിക്കും ഉത്തരവാദികൾ ആകുന്നത്.

**ഉള്ളടക്കം :**പുതുക്കിയ പെർഫോർമയും ഗൂഗിൾ ഷീറ്റും [2025 മാർച്ച് 20 നു മുൻപായി സമർപ്പിക്കുന്നതിനായി ]

Signed by
Jeevan Babu K
Date: 12-03-2025 13:45:29

**Jeevan Babu K. IAS**
**MANAGING DIRECTOR**

**സ്വീകർത്താവ്:**

1) എല്ലാ ജീവനക്കാർക്കും

2) എല്ലാ ഓഫീസ് മേധാവികൾക്കും

**പകർപ്പ്:**

1) ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതി നായി

2) പിഎ ടു [എംഡി, ജെഎംഡി, ടിഎം]/ സിഎ ടു [ സിഇ(എച്ച് ഫിനാൻസ് മാനേജർ ആൻഡ് അക്കൗണ്ട്സ് ഓഫീസർ, ഡിസിഇ(ജനറൽ),ചീഫ് ലോ ഓഫീസർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ]/അക്കൗണ്ട്സ് ഓഫീസർ(അഡ്മിൻ & എസ്റ്റാബ്ലിഷ്മെന്റ്)/ജെഎസ് (അഡ്മിൻ & എസ്റ്റാബ്ലിഷ്മെന് )/ ഫയൽ /സ്റ്റോക്ക് ഫയൽ.

# KERALA WATER AUTHORITY

**(NEED EMPLOYEE NAME, AGE AND DATE OF BIRTH AS PER YOUR GOVERNMENT ID PROOF)**

| | |
|---|---|
| Name of the Employee<br>**(TO BE FILLED IN BLOCK LETTERS)** | : |
| Mobile No | : |
| Date of Birth(mm-dd-yyyy) | : |
| Age | : |
| Employee Designation | : |
| GSPARK No | : |
| Email ID | : |
| Sum Assured | : Rs.3 ,00,000/- |
| Name of Office | : |
| Whether already included in the existing Group Health Insurance scheme of KWA(Yes/No) | |

**DETAILS OF DEPENDENTS (NEED ALL MEMBERS NAME, AGE AND DATE OF BIRTH AS PER GOVERNMENT ID PROOF)**

| SL NO | DEPENDENT 'S NAME | DATE OF BIRTH (MM-DD-YYYY) | Age | Relationship | Whether already included in the existing scheme(Yes/No) |
|---|---|---|---|---|---|
| 1 | | | | SPOUSE | |
| 2 | | | | SON/DAUGHTER | |
| 3 | | | | SON/DAUGHTER | |
| 4 | | | | SON/DAUGHTER | |
| 5 | | | | SON/DAUGHTER | |
| 6 | | | | WHOLLY DEPENDENT FATHER OF THE EMPLOYEE | |
| 7 | | | | WHOLLY DEPENDENT MOTHER OF THE EMPLOYEE | |

**Name & signature of the Employee**

**Counter Signature of the Controlling Officer** **Date of Submitting:**

**<u>Mid –terms addition :</u>**

**For adding newly married spouse and new born babies in existing policy, the following supporting documents to be provided along with this performa .**

- New born babies should be added within 90 days [ Birth Certificate ]
- Newly married spouse should be added within 60 days [ with Marriage Certificate ]